കൂടുതൽ ബലവത്താക്കുന്നതിന് ബിറ്റുമിനസ് മെക്കാഡം ആന്റ് ബിറ്റുമിനസ് കോൺക്രീറ്റ് എന്ന മിശ്രിതം ഉപയോഗിച്ചാണ് ചെയ്യുന്നത്. നിലവിലുള്ള സംസ്ഥാന പാതകളുടെയെല്ലാം ഉപരിതലം ഈ മിശ്രിതം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്വീകരിച്ചു വരുന്നു. റോഡിലുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ തന്നെ അടയ്ക്കുന്നതിനും വർഷകാലത്തും വെള്ളം കെട്ടി നിൽക്കുന്ന ഭാഗങ്ങളിലും കുഴികൾ അടയ്ക്കുന്നതിനും പെട്ടെന്നു സെറ്റാകുന്ന റെഡി മിക്സുകൾ ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

റോഡുകളിലെ കുഴി നികത്തുന്നതിന് അനുവദിച്ച തുക

203 (4557) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഈ സാമ്പത്തികവർഷം റോഡുകളിലെ കുഴികൾ നികത്തുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ എത്ര പി.ഡബ്ല്യു.ഡി. റോഡുകളെയാണ് ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകൾ ഏതെല്ലാം ;

(ഡി) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യു.ഡി. റോഡുകളിലെ കുഴികൾ നികത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(ഇ) പ്രസ്തുത റോഡുകളുടെ പേരുവിവരം വ്യക്തമാക്കുമോ ;

(എഫ്) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ കുഴിനികത്താൻ എത്രരൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 2010-11 സാമ്പത്തിക വർഷത്തിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി 240 കോടി രൂപ വകയിരുത്തിയതിൽനിന്നും 26 കോടി രൂപ മഴക്കാല പൂർവ്വ പണികൾക്കായി ചെലവഴിക്കാൻ നീക്കിവച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന് 16.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയപാതാ/നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ ഓരോ അസിസ്റ്റന്റ് എഞ്ചിനീയറുടെയും അധികാരപരിധിയിൽ വരുന്ന പാതകളിലെ കുണ്ടും കുഴിയും (Pot Holes) നികത്തി സഞ്ചാര യോഗ്യമാക്കുന്നതിന് 50,000 രൂപ ഇംപ്രസ്റ്റ് മണി ആയി അനുവദിച്ചിട്ടുണ്ട്.

(ബി & സി) ആലപ്പുഴ നാഷണൽ ഹൈവേ ഡിവിഷന്റെ പരിധിയിൽ വരുന്ന ദേശീയപാതയിലെ കുഴികൾ നികത്തുന്നതിന് 84.90 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലയിലെ പ്രധാനപ്പെട്ട എല്ലാ റോഡുകളിലും ഉണ്ടായിട്ടുള്ള കുഴികൾ നികത്തിവരുന്നു. കൂടാതെ, പൊതുമരാമത്ത് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി ഏറ്റെടുത്തിട്ടുള്ള റോഡുകളിലും കുഴികൾ നികത്തുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

(ഡി & ഇ) ദേശീയപാതയിലും നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എല്ലാ റോഡുകളിലും പൊതുമരാമത്ത് വകുപ്പ് പുതുതായി ഏറ്റെടുത്തിട്ടുള്ള റോഡുകളിലും ഉണ്ടായിട്ടുള്ള കുഴികൾ നികത്തുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

(എഫ്) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വരുന്ന ദേശീയപാതയിലെ കുഴികൾ നികത്തുന്നതിന് 6.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാതകളും പാലങ്ങളും വിഭാഗത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർക്ക് 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

റോഡുകളുടെ നവീകരണം

204 (4558) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡിന്റെ പരിപാലനം ആർക്കാണെന്ന് നിശ്ചയമില്ലാത്ത എത്ര കിലോമീറ്റർ റോഡ് സംസ്ഥാനത്ത് ഗതാഗതശൂന്യമായി കിടപ്പുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ പരിപാലനം സംബന്ധിച്ച് അന്തിമ തീർപ്പിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ - സി) പൊതുമരാമത്ത് വകുപ്പിൽ, നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 4342 കി.മീ. സംസ്ഥാന പാത, 11767 കി.മീ., പ്രധാന ജില്ലാ റോഡുകൾ, 14-8-09-ലെ ഉത്തരവ് അനുസരിച്ചുള്ള 7385 കി.മീ. റോഡുകൾ ഉൾപ്പെടെ ആകെ 23494 കി.മീ. റോഡുകളും ദേശീയ പാത വിഭാഗത്തിൽ 1524 കി.മീ. റോഡുകളും ഉണ്ട്. പ്രസ്തുത റോഡുകളുടെ പരിപാലനം, പൊതുമരാമത്ത് പദ്ധതിയേതര പ്രവൃത്തികളിൽ ഉൾപ്പെടുത്തിയാണ് ചെയ്തുവരുന്നത്. മറ്റു വകുപ്പുകളുടെ കീഴിൽ ഗതാഗതശൂന്യമായി റോഡുകൾ ഉണ്ടോയെന്നത് സംബന്ധിച്ച് വിശദാംശം പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly